# വെള്ളം വഴി വെളിച്ചം

ഷൗക്കത്തലീ ഖാൻ



വെള്ളം വഴി വെളിച്ചം
ഷൗക്കത്തലി ഖാൻ
(മലയാളം: ചെറുകഥ)

© 2021, Shoukathali Khan

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Two women with water vessels at a well, a painting.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# വെള്ളം
# വഴി
# വെളിച്ചം

വെള്ളത്തിനും വെളിച്ചത്തിനും വഴിക്കും വേണ്ടിയുള്ള അദാബുകൾകൊണ്ട് കെട്ടുപിണഞ്ഞ ഒരു മുൾക്കാടായിരുന്ന 1980-കൾ വരെയുള്ള ഞങ്ങളുടെ ജീവിതം. ആദ്യം ഇതൊന്നുമായിരുന്നില്ല. അത് ഇച്ചിരിപ്പോരം മണ്ണിനുവേണ്ടിയുള്ള പോരാട്ടമായിരുന്നു. അതിൽ ഒരു ഇരിക്കുര തേടിയുള്ള അലച്ചിലുകൾ കുടിയിറക്കുകളുടേയും ചെറിയ ചെറിയ കുടിയിരുത്തങ്ങളുടേയും കഠിന ജീവിതം. ഉമ്മ പറയാറുള്ളതുപോലെ തലചായ്ച്ച് കിടക്കാൻ ഇത്തിരിമണ്ണില്ലാത്ത അടച്ചുറപ്പുള്ള ഒരു പെരയില്ലാത്ത അസ്വസ്ഥത വാസങ്ങളുടെ കാലം. പൊറുതി കിട്ടാതെ ചിതറിപ്പാർത്ത് ഉഴന്ന് നടന്നിരുന്ന കാലം. നാല് മക്കളേയും കൂട്ടി ഉമ്മ ഈ പറമ്പിൽ എത്തിച്ചേർന്നത് കല്ലും മുള്ളും നിറഞ്ഞു ദുർഘടവുമായ സഹനപാതകൾ താണ്ടിക്കടന്ന്.

“ഹാവൂ ആശ്വാസമായി”

എന്ന് പറഞ്ഞിട്ട് കാലും നീട്ടി ഇരിക്കാൻ എത്ര മാത്രം കൊതിച്ചിരുന്നു അവർ. ഉത്തരം കിട്ടാത്ത പ്രാർത്ഥനകളുടെ പൊറുതിയില്ലാത്ത ദിനരാത്രങ്ങളിലൂടെ നിസ്കാരപ്പായ നിവർത്തിവെച്ച് പ്രാർത്ഥനാഭരിതമായ അഞ്ച് നേരങ്ങളിലെ സുജൂദുകൾ.

ഓല മേഞ്ഞ ചെറ്റപ്പുരകളും വേനലേറ്റ് കരിഞ്ഞ കരിയോലപ്പഴുതിലൂടെ എത്രയെത്ര മഴക്കാലങ്ങൾ ചോർന്നൊലിച്ച നനഞ്ഞുകുതിർന്ന അവർ കഴിച്ചുകൂട്ടി. ഭൂതകാലങ്ങളുടെ കയ്ക്കുന്ന ചെന്നിനായകക്കാലം!

“ചോർന്നൊലിക്കുന്നതാണെങ്കിലും ഒരു പെരയായില്ലേ? ബാക്കിയൊക്കെ ഇനി പടച്ചോന്റെ കൈയിലല്ലേ... ഒക്കെ ശരിയാകും. ഇങ്ങടെ തന്തക്ക് ആവതോടെ നയിക്കാനുള്ള കെൽപ്പുണ്ടായാൽ മതി.”

“ആറോ ഏഴോ കുടിയിരുപ്പുകൾ മാറി മാറി പാർത്തിട്ടാണ് ഇപ്പോൾ ഇവിടെ താമയിക്കാൻ തുടങ്ങിയത്” ഉമ്മ ഒറ്റക്കിരുന്ന് പറയുന്നത് കേൾക്കാം. അവർ ആദ്യം പാർത്തിരുന്നത് കോരപ്പന്റെ കായിലായിരുന്നത്രെ. അന്നൊന്നും ഞാൻ ജനിച്ചിട്ടില്ല. അവിടെ നിന്ന് കുടിയിറക്കി കാട്ടിലേക്ക് പറമ്പിലേക്ക് മാറി. പിന്നെ ഉമ്മാടെ കല്ല്യാണം കഴിഞ്ഞു. പേർഷ്യക്കാരൻ മൊയ്തുണ്ണിയുമായി. കല്ല്യാണം കഴിഞ്ഞ് മുളാനുള്ളി പറമ്പിലെ ഉപ്പവീട്ടിലേക്ക് പോന്നു. രണ്ടാംകുടി എളേമയുടെ ഭരണവും അമ്മായിയമ്മപ്പോരുമായിരുന്നു അവിടെ. ഉമ്മവീട്ടുകാരേയും കൂട്ടി പിന്നെ ചപ്പയിലെ പറമ്പിലേക്ക് ഒരു ചെറ്റപ്പുരക്കെട്ടി മാറിതാമസിച്ചു. അവിടെ നിന്നും കാണപ്പണം കുറഞ്ഞതിന്റെ പേരിൽ അബ്ദു അധികാരി കുടിയിറക്കി. പിന്നേയും ആമറ്റൂരെ പറമ്പിലെ കോരാച്ചൻകുളങ്ങര അമ്പലത്തിനുസമീപം നെട്ടുമ്പുര കെട്ടി കുറച്ചുകാലം. ഓരോ കുടിയിരിപ്പുകാലത്തെക്കുറിച്ചും ആ പറമ്പിലെ അയൽപ്പക്കക്കാരെ കുറിച്ചും പറഞ്ഞത് കേട്ട് മടുത്ത് ഞങ്ങൾ വിളക്കുതി കിടക്കാൻ തുടങ്ങുമ്പോൾ ഉമ്മ കഥകൾ താനെ നിറുത്തും.



അങ്ങനെ എട്ടാമത്തെ കുടിയിരിപ്പാണ് മക്കളെ ഈ പെരയും പറമ്പും. എന്നിട്ട് നെടുവീർപ്പയക്കും. ഇനിയും ഒരു സ്വസ്ഥതയും സമാധാനവുമായിട്ടില്ല ഞങ്ങൾക്ക്. ആശ്വാസത്തോടെ ഒരു കവിൾ വെള്ളം കോരികുടിക്കാനും പെരയിലേക്ക് നേരെചൊവ്വേ നേർവഴിക്ക് നടന്നുവരാനും ഇനിയും കഴിഞ്ഞിട്ടില്ല. രാത്രിയായാൽ മണ്ണെണ്ണ തീരാതെ വിളക്ക് കത്തിച്ച് വെച്ച് ഇരിക്കണം. മുന്നൂറ് മില്ലി മണ്ണെണ്ണയാണ് ഒരു രാത്രിയിൽ വിളക്കിൽ എരിഞ്ഞിരുന്നത്. എണ്ണ തീർന്നാൽ പിന്നെ ഇരുട്ടാണ്. കൂരാകൂരിരുട്ട്. ചിമ്മിനി, വെള്ളം, വഴി, വെളിച്ചം. രാത്രിയിൽ എപ്പോഴും കെട്ട് പോകാമെന്നുള്ള ഒരു ഭയമായിരുന്നു ഞങ്ങൾക്ക് വെളിച്ചം. ഇത് ഞങ്ങളുടെ മാത്രം പ്രശ്നമായിരുന്നില്ല. വലിയ ജന്മിമാരുടെ വിശാലമായ തെങ്ങിൻപറമ്പുകളിലെ താമസക്കാരായിരുന്ന മിക്ക ആളുകളും. കുടിയിരിപ്പുകൾ കുടിയിരിക്കുന്ന വലിയ പറമ്പുകൾ. ആ പറമ്പിൽ വീണ തേങ്ങകളും ഓലയും മടലും മറ്റ കാർഷിക വിഭവങ്ങളും അധികാരിക്ക് കൃത്യമായി കൈമാറണം. ഇല്ലെങ്കിൽ കുടിയിറക്ക് ഭീഷണിവരും. ഇപ്പോൾ ഞങ്ങൾ താമസിക്കുന്നത് പണിക്കരുടെ കാവിന് പുറകിലുള്ള എഴപ്പുറത്തെ പറമ്പിലാണ്. തെക്ക് ഭാഗത്ത് തെക്കാമക്കാരുടെ ആറ് ഏക്ര തെങ്ങിൻപറമ്പ്. പടിഞ്ഞാറ് ഭാഗത്ത് കോടഞ്ചേരി പള്ളിയുടെ ഏഴ് ഏക്ര വഖഫ് ഭൂമി. അതിൽ മൂന്ന് കുടിയിരിപ്പുകളുണ്ട്. വടക്ക് ഭാഗത്ത് ഭഗവതിപറമ്പിൽ ഏനുവിന്റെ വീടാണ്. അതും നാലഞ്ചേക്രയുണ്ട്. വീടിന്റെ കിഴക്ക് വടക്ക് ഭാഗത്തുകൂടെ ഒരു ചെറിയ ഇടവഴിയിലൂടെയാണ് പെരയിലെത്താനാവൂ. പെരയുടെ നേരെ മുമ്പിൽ എഴപ്പുറത്തെ കാവാണ്. ഭീകരമായ പച്ചപ്പിന്റെ ക്രൗര കാനനം.



ഇപ്പോൾ ഒരു ഇരിക്കുരയായി. പക്ഷേ, കുടിക്കാൻ വെള്ളമില്ല. വെള്ളത്തിന് രണ്ട് നാഴിക അകലെയുള്ള ഒരു കിണർ അന്വേഷിച്ച് പോകണം. ഇപ്പോൾ വെള്ളം കൊണ്ട് വരുന്നത് റോഡ് മുറിച്ച് കടന്ന് ചോഴിയാട്ടേലെ മൊയ്തുണ്ണികുട്ടിക്കയുടെ പറമ്പിൽനിന്നാണ്. ഞങ്ങൾ മാത്രമല്ല. ഒരുപാട് ആളുകൾക്ക് ആശ്രയമാണ് ആ കിണറും അതിന്റെ കരയും. എപ്പോഴും നല്ല തിരക്കാണ്. ഒരിക്കലും ഏകാന്തത അനുഭവിക്കാത്ത ഒരു കിണറ്റിൻ കര. നല്ല തെളിഞ്ഞ വെള്ളമാണ് ആ കിണറ്റിലേത്. മോന്തിയായാൽ വെള്ളം മുക്കി കൊണ്ടുവരുന്നത് ഒരു എവറസ്റ്റ് ആരോഹണം പോലെ സാഹസികവും കഠിനവുമായ ഒരു പണിയാണ്. സ്കൂൾ വിട്ട് വന്നാൽ ഉമ്മയും പെങ്ങമ്മാരും ഞാനും കൂടി ഈരണ്ട് കുടങ്ങളുമായി കിണറ്റിൻകരയിലേക്ക് മാർച്ച് ചെയ്യും. പണിക്കരുടെകാവ് കടന്ന് തെക്കാമക്കാരുടെ പറമ്പും കടന്ന് അവിടത്തെ കരിയിലകളും ചവിട്ടിമെതിച്ച് ഒരു ദീർഘ നടത്തം. പിന്നെ റോഡ് മുറിച്ച് കടന്നാൽ മത്തികാട്ടിൽകാരുടെ പറമ്പായി. അതിൽ ഒരു ഒറ്റവീടേയുള്ളൂ. ആൾപാർപ്പില്ല. അതിന്റെ അപ്പുറത്തുള്ള പെരുന്തോട്ട് ഇറങ്ങണം ദൂരെ അയിനി മരങ്ങളുടെ നീണ്ടനിര. പിന്നെ കുത്തനെ കയറിയാൽ തൊഴവാനൂരെ പറമ്പ്. ഒരു വലിയ ഇറക്കവും അതിൽ വാ പൊളിച്ച് നിൽക്കുന്ന ഒരു ഗുഹപോലത്തെ തോടും പിന്നെ ഒരു കയറ്റവും.



തൊഴവാനൂരെ പറമ്പിലാണ് മെയ്തുണ്ണി കുട്ട്യാക്കയുടെ കിണറ്. നെല്ലിപ്പടിയൊക്കെ വെച്ച് ആൾമറകെട്ടിയ നല്ല വാ വട്ടമുള്ള ഒരു കൽക്കിണർ. ദേശത്തുള്ള എല്ലാ മൺകുടങ്ങളും അവിടെ കാത്തിരിപ്പുണ്ടാകും. ഓരോരുത്തരും താന്താങ്ങളുടെ കൈയിലുള്ള പാട്ടയും കയറും പാളത്തൊട്ടിയുമായി വട്ടത്തിൽ നിന്ന് വെള്ളം കോരി കുടങ്ങൾ നിറക്കും. ഞങ്ങൾ കിണറ്റിന്റെ വക്കത്തെത്തി. കാപ്പിക്കാരൻ മെയ്തുണ്ണിക്കായുടെ മൺപ്പാത്രകടയിൽ നിന്നാണ് ആറേഴ് കുടങ്ങൾ വാങ്ങിയത്. കൂട്ടത്തിൽ ഒരു കായി തൊണ്ടും വാങ്ങിയിരുന്നു. ചില്ലറകാശുകൾ കായിത്തൊണ്ടിലിടും. കണ്ണേങ്കിലെ പൂരത്തിന് മൂന്ന് മാസമേ ഉള്ളൂ. കായ്തൊണ്ട് ആരും കാണാതെ അമ്മിത്തറയുടെ താഴെ ഒളിപ്പിച്ച് കുഴിച്ചിട്ടിട്ടുണ്ട്.

എട്ടോളം മൺകുടങ്ങൾ, രണ്ട് അലുമിനിയത്തിന്റെ കുടം, രണ്ട് പ്ലാസ്റ്റിക് ബക്കറ്റ് ഇവയൊക്കെയുമായി ഞങ്ങൾ ബീവുമ്മയുടെ നേതൃത്വത്തിൽ കിണറ്റിന്റെ വക്കെത്തെത്തി. ഉമ്മ എല്ലാവരേയും നോക്കി സൊറപറയാൻ തുടങ്ങി. രണ്ട് തൊട്ടിപാളയാണ് ഞങ്ങളുടെ കൈയ്യിലുള്ളത്. അതുകൊണ്ട് വെള്ളം കോരണം. നല്ല കണ്ണീരു പോലത്തെ വെള്ളം. ഒക്കത്തും തലയിലും വെച്ച് പെങ്ങമ്മാർ നടക്കാൻ തുടങ്ങി. ഒരു ചാല് വെള്ളം കൊണ്ടുവെച്ചു. ഏറ്റവും അവസാനം കനമുള്ള ബക്കറ്റും പാളത്തൊട്ടിയും കൂട്ടിപിടിച്ച് ഉമ്മയെ പിൻതുടർന്നു. കോന്തല കിടന്നു തലയാട്ടുന്നുണ്ട്.

തെക്കാമലെ ഉമ്മാവുത്ത നോക്കി നിൽക്കുന്നു. അവർ മൂച്ചിയുടെ കടക്കൽ ചവറ് അടിച്ച് വല്ലത്തിലാക്കി തീയിടുകയാണ്.

“ഔ ന്റെ ബീവു ഈ മക്കളെകൊണ്ട് ഇങ്ങനെ എടങ്ങേറാക്കണാ അനക്ക്. ഒരു കിണറ് കത്തിക്കൂടെ അനക്ക്”. “അയിന് കായി എത്രവേണം” നട്ടനിവർത്തി ഉമ്മ പറഞ്ഞു. തെക്കാമക്കാരുടെ നായ ഞങ്ങളെ പിൻതുടർന്നു. ബുൾബുളും ടോമിയും. വാലാട്ടാൻ തുടങ്ങി.

“എന്താ ഈ നായിക്കൾക്ക്. ന്റെ വെള്ളം തൊട്ട് നെജ്ജീസാക്കോലോ... നായി അവ്ട്ന്ന് നായി അവ്ട്ന്ന്” ഉമ്മ നായിക്കളെ ആട്ടി പായിച്ചു. തെക്കാമക്കാരുടെ കിണറ്റിന് വക്കത്ത് കൊട്ടത്തളത്തിൽ മണപ്പിച്ച് മണപ്പിച്ച് നായിക്കൾ എന്തോ പര്യവേഷണം നടത്തുന്നു. ഞാനാ കിണറും അതിന്റെ ആൾമറയും കപ്പിയും പാട്ടയുമൊക്കെ നോക്കി നിന്ന എന്നാണ് ഞങ്ങൾക്ക് ഇങ്ങനെയൊരു കിണറുണ്ടാവുക.

സ്വസ്ഥതയോടെയും സമാധാനത്തോടെയും വെള്ളം കോരി ആർമാതിക്കാൻ കഴിയുക. ഞാനാ കിണറിന്റെ വക്കത്ത് പോയി കിണറിന്റെ ആഴങ്ങളിലേക്ക് നോക്കി. അതിന്റെ ആൾമറകൾ തൊട്ട് നോക്കി. പിന്നെ അരുമയോടെ തലോടി ഞങ്ങൾക്കും ഒരു കിണറുണ്ടാകുമോ?

കഷ്ടപ്പെട്ട് മുക്കികൊണ്ടുവന്ന ആ സംസംവെള്ളം പെങ്ങമാര് ഓരോരുത്തരായി കൊട്ടത്തളത്തിലെ തെരികയിൽ പതുക്കെ വെപ്പിച്ചു ഉമ്മ. അതിന്റെ വാവട്ടങ്ങൾ വട്ടോറങ്ങൾ കൊണ്ടും ചിരട്ടകൊണ്ടും മൂടി വെച്ചു. “ആ വെള്ളം മൂടിവെച്ചോളിൻ ഇല്ലെങ്കിൽ കോയിയും പൂച്ചയും തലയിടും. വെള്ളം നെജ്ജീസാക്കും.” പെറ്റമ്മ ചിറ്റിട്ട കാതുകൾ ആട്ടി കൊണ്ട് താക്കീത് ചെയ്തു.

“വെള്ളം മുക്കാൻ പോയിട്ട് പെറമാണിച്ചികൾ വന്നാ. കണ്ണികണ്ടവരോടൊക്കെ നോനിപറയാൻ നിന്നിട്ടുണ്ടാകും.” ഉമ്മാനെ അരക്കാൽ മിനിറ്റ് നേരം കാണാതിരുന്നാടാ പെറ്റമ്മാക്ക്. ഇല്ലെങ്കിൽ ഓരോ നുരുമ്പിര്യാരങ്ങൾ പറഞ്ഞുകൊണ്ടിരിക്കും.

വെള്ളം പെരയിലെ അമൂല്യ വസ്തുവാണ്. കുടിക്കാൻ ഒരു കുടം വെള്ളം. ചായകാച്ചാനും, ചോറ് വെക്കാനും ഒരു കുടം, പാത്രം കഴുകുവാൻ കുറച്ച് വെള്ളം, വുളു എടുക്കാൻ, നിസ്കരിക്കുമ്പോൾ, പെരയിലേക്ക് കയറി കാല് കഴുകാൻ, മുമ്പാരത്ത് മൂലിയിൽ വെക്കാനും ഇങ്ങനെ വെള്ളത്തിന് പലതരം കണക്കുകളുണ്ട്. വെള്ളം വെറുതെ കൊപ്പിളിച്ച് കളഞ്ഞാൽ ഉമ്മ ചീത്തപറയും. കുളിക്കാൻ ദൂരെ നീർക്കോട്ടയിലെ കുളത്തിലേക്ക് പോണം. മകരം, കുംഭം, മീന മാസമായാൽ കുളം അപ്പാടെ വറ്റും. പിന്നെ വെള്ളത്തിന് പെടാപാടാണ്. കുളിക്കാനുള്ള വെള്ളം തെക്കാമക്കാരുടെ ഓതബയിൽമാണ് ശരണം. ആറോ ഏഴോ കോൽ താഴ്ചയിൽ വെള്ളം കിട്ടുമെങ്കിലും ഇതുവരെ കിണറ് കത്തിയിട്ടില്ല. കായി ഇല്ലാത്തതാണ് കാരണം. വെള്ളം മുക്കിക്കൊണ്ട് വന്ന് ക്ഷീണത്തിൽ മരിങ്ങിലും ഒക്കത്തും തൂളമ്പിച്ചാടിയ നനഞ്ഞവസ്ത്രങ്ങളോടെ ഉമ്മ ഉരലിൽ ഇരുന്നു.

“എന്നാണ് ഈ പറമ്പിൽ ഒരു കിണറ് കത്തി കുറച്ച് വെള്ളം കുടിച്ച് ദാഹവും മോഹവും തീരുക. അല്ലാഹ് തൗഫീഖ് ചെയ്താൽ അടുത്ത വേനൽക്ക് നമുക്ക് കിണറ് കുത്തണം”. അരിമണി വറുത്തതും ശർക്കരചായയും കൂട്ടി കുടിക്കുന്നതിനിടയിലൂടെ ഉമ്മ പറഞ്ഞു.

“ഇങ്ങളെ തന്തക്ക് ആവതുള്ള കാലം വരെ ഒന്നിനും ഒരു കുഴപ്പവുമുണ്ടാവില്ല. ഇന്റെ ബദിരീങ്ങളെ” നിസ്കാരപായിലിരുന്ന് ഉമ്മ ഇതും പറഞ്ഞ് ദുആ ഇരക്കുന്നത് ഞാൻ സുബഹിക്ക് കണ്ണിറുക്കി കിടന്ന് കേൾക്കാറുണ്ട്.

ഉപ്പാക്ക് തീരെ വയ്യത്രെ. ശ്വാസംമുട്ട് കൂടി പേർഷ്യൻ ജീവിതം അവസാനിപ്പിച്ച് അദ്ദേഹം നാട്ടിലെത്തുമെന്ന് കഴിഞ്ഞമാസം കത്തിലുണ്ടായിരുന്നു. അനവധി കാലമായത്രെ ഉപ്പ പേർഷ്യയിൽ പോകാൻ തുടങ്ങിയിട്ട്. ഒരു സ്റ്റേഷനിലും വിശ്രമിക്കാനാകാതെ തളർന്ന് കരിതുപ്പിയ ദീർഘയാത്ര കഴിഞ്ഞ് വന്ന ഒരു കരിവണ്ടി പോലെ നാട്ടിലെ ആദ്യ പേർഷ്യക്കാരൻ തന്റെ വീടണഞ്ഞു. ഒരു രാത്രിയായിരുന്നു ഒരു ഇടറിയ ചിമ്മിനി വിളക്കിന്റെ ക്ഷീണിച്ച് ആടിയുലഞ്ഞ വെളിച്ചത്തിൽ പിതൃമുഖത്തേക്ക് സൂക്ഷിച്ച് നോക്കി.


ഉമ്മ പറഞ്ഞു “ഉപ്പയാണ്”.

ഇക്കാക്കമാരും ഇത്താത്തമാരും പറഞ്ഞു “ഉപ്പയാണ്”.

കൊമ്പൻ മീശ കണ്ട് മാറി നിന്ന എന്നെ കോരിയെടുത്ത് പിന്നെ ചേർത്തണച്ചു. ഉമ്മ വെച്ചു. പരുപരുത്ത കൈകൊണ്ട് മേലാകെ തലോട്. സിഗരറ്റിന്റെ മണം.



അന്ന് രാത്രി ആഹ്ലാദത്തിന്റെ ദിവസമായിരുന്നു. ആ സന്തോഷം കുറച്ച് ദിവസമെ ഉണ്ടായിരുന്നുള്ള. അദ്ദേഹത്തിന് സൂക്കേടാണത്രെ. ശ്വാസം മുട്ടൽ. ആസ്മ രോഗം പിന്നെ ഞങ്ങൾക്കെന്നും ശ്വാസം മുട്ടുന്ന കോലായ, ആശുപത്രിയിലേക്കുള്ള പോക്കുകൾ, മരുന്നിന്റെയും ഗുളികകളുടെയും വലിയ പൊതികൾ കോലായത്തിന്റെ പുറം തിരിച്ച് ഉമ്മയും. കുറച്ച് ദിവസം കഴിഞ്ഞ് കറപ്പനാശാരിയെ ആളയച്ച് വിളിപ്പിച്ച് കിണറിന്റെ സ്ഥാനം കണ്ടു. കുറ്റിയടിച്ചു. കിണറ് കുത്തുന്ന മെയ്താക്കയും പരിവാരങ്ങളും വന്നു. കിണറ് കുഴിക്കാൻ തുടങ്ങി. മണ്ണെടുത്ത് മേലേക്ക് മറിച്ചു. മൂന്ന് നാല് കോല് ആഴമായി. മെയ്താക്കയും അഞ്ചാറ് പണിക്കാരും എന്നും വന്ന് കിണറ് കഴിച്ച്കഴിച്ച് അടിയിലേക്ക് പോയി. ഓരോ ദിവസവും നാലുമണിയാകുമ്പോൾ ഞങ്ങൾ മൺകുടങ്ങളുമേന്തി വെള്ളം തേടിയുള്ള യാത്ര തുടർന്നു. ഒടുവിൽ ഏഴ് കോലായപ്പോഴേക്കും ഉറവ കണ്ടു. പിന്നേയും രണ്ട് മൂന്ന് കോല് കുഴിച്ചു. ആദ്യ കവിൾ വെള്ളം എല്ലാവരും കോരിക്കുടിച്ചു. അങ്ങനെ ആ സ്വപ്നം സാക്ഷാൽക്കരിച്ചു. വെള്ളത്തിനുവേണ്ടിയുള്ള മൺകുടങ്ങളുമേന്തിയുള്ള യാത്ര അവസാനിച്ചു. ഞങ്ങൾ പാളയിലും പാട്ടയിലും വെള്ളം കോരി ആർമാതിച്ചു. അടുത്തവീട്ടുക്കാരൊക്കെ വെള്ളം മുക്കാനായി ഞങ്ങളുടെ കിണറിലുമെത്തി. കുലുപ്പിയുടെ ഭാര്യ ആമിനാത്ത, കാള്യമ്മേടത്തി, ജാനകി, ചിന്നു, പാത്താത്ത, കുമാരേട്ടൻ, വേലായി അങ്ങനെ പരശതം ആളുകൾ കുടങ്ങളുമേന്തി ഞങ്ങളുടെ കിണറ്റിന്റെ വക്കത്തും വന്നു. ഉമ്മ ആശ്വാസത്തോടെ കണ്ണീർ വാർത്തു. ഇനി കിണറിന് നെല്ലിപ്പടി വെക്കണം. കൽക്കിണർ ആക്കി മാറ്റണം. തെക്ക് പടിഞ്ഞാറെ മുക്കിലെ പെരും അയിനി മുറിച്ചുവിറ്റു. ആയിരത്തിഅഞ്ഞൂറ് രൂപക്ക്. കല്ലിറക്കി. നെല്ലിപ്പടിയുടെ പലക കുളത്തിൽകൊണ്ടയിട്ടു. ഒരു മാസം അത് അവിടെ കിടന്നു. ഒരു വിഷുവിന് നെല്ലിപ്പടി വെച്ചു. ഉപ്പ ശ്വാസംമുട്ടോടുകൂടി കിണറിന്റെ വക്കത്ത് വന്നിരുന്ന് ഏങ്ങി ഏങ്ങി ശ്വാസത്തിനായി വലഞ്ഞ് എല്ലാം നോക്കി നിന്നു. കറപ്പനാശാരിയെ വീണ്ടും വിളിപ്പിച്ചു. കറപ്പനാശാരി വന്നു നെല്ലിപ്പടിയുടെ പണിതുടങ്ങി. അദ്ദേഹം തന്റെ തിളങ്ങുന്ന കഷണ്ടിയും കാണിച്ച് നെല്ലിപ്പലകയിലിരുന്ന് നെരങ്ങി നെരങ്ങി ഒരു വൃത്തമുണ്ടാക്കി.



പിന്നെ അത് കൂട്ടിയോജിപ്പിച്ചു. ആ വൃത്തം കയറിട്ട് കിണറ്റിലേക്കിറക്കി. അന്ന് വിശേഷദിവസമായിരുന്നു. നെല്ലിപ്പടിവെക്കുന്ന ദിവസം. ചായയും പത്തിരിയുമുണ്ടാക്കി. ഇബ്രാഹിം മുസ്ല്യാര് വന്ന് യാസീൻ ഓതി ദുആ ഇരന്നു. നെല്ലിപ്പടി ഇറക്കി വെച്ച് കറപ്പനാശാരി പോയി. പിന്നെ കല്ല് ചെത്തലായിരുന്നു. അയിനി വിറ്റ പണം കിണറ് പണിക്ക് നിർബാധം ചെലവഴിച്ചുക്കൊണ്ടിരുന്നു. കൽപ്പണിക്കാരൻ മാമുക്ക വന്ന് കിണറ്റിലിറങ്ങി പടുക്കാൻ തുടങ്ങി. ചെങ്കല്ലുകൾ താഴേക്കിറങ്ങി. ഒരു കോല്, രണ്ട് കോല്, മൂന്ന് കോല് കണക്ക്. ചുവന്ന വൃത്തം മേലേക്ക് ഉയരാൻ തുടങ്ങി. അവസാനം അത് നിലതാനമെത്തി. സിമന്റും മണലുമിട്ട് ആൾമറകെട്ടി കപ്പിയും കയറും ഘടിപ്പിച്ചു. ആ കൽപ്പടവിൽ 19-05-74 എന്ന് ഇക്കാക്ക എഴുതി വെച്ചു. കിണറിന്റെ പണി പൂർത്തിയായി. കപ്പി കിരികിരാ... കുലുങ്ങി ചിരിക്കാൻ തുടങ്ങി. പലരും കിണറ് കാണാൻ വന്നു. ഉമ്മ ആശ്വാസത്തോടെ കിണറിന്റെ വക്കത്തിരുന്നു. ഒരു കൈപ്പാട്ട വെള്ളമെടുത്ത് ആശ്വാസത്തോടെ കോരിക്കുടിച്ചു.

□

# ഷൗക്കത്തലീ ഖാൻ



പൊന്നാനിയിലെ എരമംഗലം സ്വദേശി. എരമംഗലത്തെ എൽ. പി., യു. പി. സ്കൂളുകൾ പൊന്നാനി എ. വി. ഹൈസ്കൂൾ കോഴിക്കോട് ഫാറൂഖ് കോളേജ് എന്നിവിടങ്ങളിൽ പഠനം. ആനുകാലികങ്ങളിൽ എഴുതുന്നു 5 പുസ്തകങ്ങൾ. ആസുരനക്രങ്ങൾ, പൊത്ത് (കവിത സമാഹാരങ്ങൾ) വന്നേരിയുടെ വഴിയടയാളങ്ങൾ, (ചരിത്രം) കാഞ്ഞിരവും കാരമുൾക്കാടും (ഓർമ്മ) കണ്ടാരി (നോവെല്ല) എന്നിങ്ങനെ. തിരൂരിലെ എസ്. എസ്. എം. പോളിയിൽ ജീവനം.

ഭാര്യ: ആരിഫ
കുട്ടികൾ: മുബഷിറ, സ്തുതി, ആയിഷ സന.

ചിത്രങ്ങൾ: വി. പി. സുനിൽകുമാർ

RIVER VALLEY
DIGITAL LIBRARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ<br>(119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014